പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T 3740 — 20.06.2019 ൽ മറുപടിയ്ക്ക്

## കർഷകർക്ക് നെല്ലിന്റെ തുക നൽകുന്നതിലുള്ള കാലതാമസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.ഡി. ദേവസ്സി | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കർഷകരിൽ നിന്നും സപ്ലൈകോ സംഭരിച്ച നെല്ലിന്റെ പി.ആർ.എസ്. (പാഡി രജിസ്ട്രേഷൻ ഷീറ്റ്) ഹാജരാക്കുന്നതിന്റെ അടിസ്ഥാനത്തിൽ ബാങ്കുകൾ നെൽവില നൽകണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | നിർദ്ദേശം നൽകിയിട്ടുണ്ട്. കർഷകരിൽ നിന്നും നെല്ല് സംഭരിച്ചതിന്റെ അസ്സൽ (പാഡി റെസീപ്റ്റ് ഷീറ്റ്) ഹാജരാക്കിയാലുടൻ ബാങ്കുകൾ നിശ്ചയിച്ചിട്ടുള്ള പലിശ നിരക്കിന്റെ അടിസ്ഥാനത്തിൽ 3 പ്രവൃത്തി ദിവസത്തിനുള്ളിൽ ലോൺ അനുവദിക്കണമെന്നും സപ്ലൈകോ, ബാങ്കുകളുമായുള്ള MOU പ്രകാരം നിശ്ചയിച്ചിട്ടുള്ള കാലാവധിയ്ക്കകം പലിശസഹിതം തുക കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് തിരികെ അടവാക്കേണ്ടതാണെന്നും കൂടാതെ പി.ആർ.എസ്. ഇഷ്യൂ ചെയ്യു വിവരം സപ്ലൈകോയുമായി കരാറിലേർപ്പെട്ടിട്ടുള്ള ബാങ്കുകൾക്ക് സപ്ലൈകോ ലഭ്യമാക്കണമെന്നും 13.07.2017 ലെ സ.ഉ (കൈ) 16/17/ഭ.പൊ.വി.വ. പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഇപ്രകാരം പി.ആർ.എസ്. ഹാജരാക്കുന്ന കർഷകർക്ക് ബാങ്കുകൾ യഥാസമയം തുക നൽകാതിരിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) യും (സി) യും | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കർഷകരിൽ നിന്നും സംഭരിച്ച നെല്ലിന്റെ വില PRS (Paddy Receipt Sheet) വായ്പാ പദ്ധതിയിലൂടെ നൽകി വരുന്നുണ്ട്. തിരിച്ചടവ് കാലാവധി 3 മാസമായി നിജപ്പെടുത്തിയിട്ടുള്ള ചില ബാങ്കുകളുടെ വായ്പ തിരിച്ചടവിന് താമസം നേരിടുകയും പ്രസ്തുത ബാങ്ക് വഴി കർഷകർക്ക് നൽകി വരുന്ന ലോണിന് താൽക്കാലികമായി ചില തടസ്സം നേരിടുകയും ചെയ്യുന്നുണ്ട്. ടി തടസ്സം ഒഴിവാക്കുന്നതിന് വേണ്ട നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | കർഷകർക്ക് സപ്ലൈകോ വാങ്ങുന്ന നെല്ലിന്റെ വില ബാങ്കുകൾ മുഖേന നൽകുന്നതിലുള്ള കാലതാമസം ഒഴിവാക്കി തുക യഥാസമയം ലഭ്യമാക്കുന്നതി നാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ